**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4553** **19-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി യുവാക്കൾക്ക് സുസ്ഥിര വരുമാനം സാധ്യമാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി യുവാക്കൾക്ക് വിദേശത്തുൾപ്പെടെ തൊഴിൽ മേഖല കണ്ടെത്തി സുസ്ഥിര വരുമാനം സാധ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് . പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. വിവര സാങ്കേതികം, ഇലക്ട്രിക്കൽ ,ഇലക്ട്രോണിക്സ് ,ഓട്ടോമൊബൈൽ ആരോഗ്യം, ഏവിയേഷൻ, പ്ലാസ്റ്റിക്, വ്യവസായം, കയർ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കി വരുന്നു. ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട് . ഇത്തരം നൈപുണ്യവികസന പരിശിലനങ്ങളിലൂടെ പരിശീലനം നേടുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും , വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകുന്നു. കൂടാതെ പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാ സംബന്ധമായ ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന വിദേശ തൊഴിൽ ധനസഹായ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | എങ്കിൽ ഏതെല്ലാം തൊഴിൽ മേഖലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട് . പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. വിവര സാങ്കേതികം, ഇലക്ട്രിക്കൽ ,ഇലക്ട്രോണിക്സ് ,ഓട്ടോമൊബൈൽ ആരോഗ്യം, ഏവിയേഷൻ, പ്ലാസ്റ്റിക്, വ്യവസായം, കയർ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന |

| | | | |
|---|---|---|---|
| | | | പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കി വരുന്നു. ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട് . ഇത്തരം നൈപുണ്യവികസന പരിശിലനങ്ങളിലൂടെ പരിശീലനം നേടുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും , വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകുന്നു. കൂടാതെ പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാ സംബന്ധമായ ചെലവുകളക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന വിദേശ തൊഴിൽ ധനസഹായ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | ഈ പരിശീലന പരിപാടിയുടെ ഗുണം ലഭിക്കുന്നതിനായി എല്ലാ ജില്ലയിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽതൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളിലേക്ക് എല്ലാ ജില്ലയിൽ ഉൾപ്പെടുന്നവർക്കും അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നതാണ്. KASE ,KELTRON, CIPET തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ / മികച്ച ട്രാക് റിക്കോർഡ് ഉള്ള സ്വകാര്യ സ്ഥാപനങ്ങൾ മുഖേന പരിശീലന സ്ഥാപനങ്ങളുടെ ക്യാമ്പസുകളിൽ വച്ചാണ് പ്രസ്തുത പരിശീലനം നൽകിവരുന്നത് . |

സെക്ഷൻ ഓഫീസർ